# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച്  എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 4, No. 02 : ഫിബ്രവരി 2011**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**


### *ധർമ്മ വാണി*

| | |
|---|---|
| *സീലം ബലം അപ്പടിമം,* | ശീലം ബലമനുപമം, |
| *സീലം ആവുധമുത്തമം.* | ശീലം ആയുധമുത്തമം, |
| *സീലമാഭരണം സെട്ഠം,* | ശീലം ആഭരണം ശ്രേഷ്ഠം, |
| *സീലം കവചമബ്ഭുതം.* | ശീലം കവചമത്ഭുതം. |

— **ഖുദ്ദക നികായ, ഥേരഗാഥാപാളി** (വീ.ആർ.ഐ. 1.63.614)

## ഭാവനാമയി പ്രജ്ഞ എന്താണ്?


**എസ. എൻ. ഗോയങ്ക**


*(ജീ-ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 13 ാം ഭാഗം.)*

പ്രജ്ഞക്ക് മൂന്ന് ചുവടുപടികളുണ്ട്. ആദ്യത്തെ പടിയാണ് – ശ്രുതമയി പ്രജ്ഞ. രണ്ടാമത്തേത് ചിന്തൻമയി പ്രജ്ഞ, മൂന്നാമത്തേത് ഭാവനാമയി പ്രജ്ഞ. ശ്രുതമയി പ്രജ്ഞ എന്നാൽ ശ്രുത ജ്ഞാനം, എന്തെങ്കിലും കേട്ടുണരുന്നത് – ഒരു മഹാപുരുഷന് സമ്യക് ജ്ഞാനം ഉണർന്നു, ബോധി ജ്ഞാനം ഉണർന്നു എന്നിട്ട് അദ്ദേഹത്തിന്റെ വാണി ഏതെങ്കിലും പുസ്തകത്തിൽ അച്ചടിച്ചു വന്നു. അത് നമ്മൾ പഠിച്ചു. അങ്ങിനെ, കേട്ടുണരുന്ന ജ്ഞാനമാണ്. ഈ പഠിച്ചു ലഭിച്ച ജ്ഞാനം. നമ്മുടെയല്ല, എന്നാൽ നമ്മൾ വിശ്വാസമൂലം സ്വീകരിക്കുകയാണ്. ആ മഹാപുരുഷനിൽ നമ്മൾക്ക് വളരെ ശ്രദ്ധയുണ്ട്. അദ്ദേഹത്തിന്റെ വാണിയിൽ നമ്മൾക്ക് വളരെ ശ്രദ്ധയുണ്ട്. കുട്ടിക്കാലം മുതൽ കേട്ടു വന്നതാണ്, കേട്ടുകൊണ്ടുവന്നതാണ്, കൂടാതെ കുട്ടിക്കാലം മുതൽ ശ്രദ്ധ ഉണർത്തികൊണ്ടു വന്നതാണ്, അതുകൊണ്ട് ശ്രദ്ധ മൂലം അദ്ദേഹത്തിന്റെ വചനത്തെ സ്വീകരിക്കുകയാണ്. ഇപ്പോൾ സ്വന്തം അനുഭവം ഇല്ല. അന്യന്റെ വാണിയാണ്, നമ്മൾ കേട്ടതാണ്, ശ്രദ്ധമൂലം സ്വീകരിച്ചതാണ്.

ചിലപ്പോൾ ഇങ്ങനെയും സമ്പവിക്കും – കാര്യങ്ങൾ വളരെ ശ്രദ്ധയോടെ സ്വീകരിച്ചു എന്നാൽ വീണ്ടും മനസ്സിൽ ചില തർക്കങ്ങളുണരുന്നു – ഓ, ഈ കാര്യമാകട്ടെ തർക്ക യോഗ്യമാണെന്ന് തോന്നുന്നില്ല, യുക്തി യോഗ്യമാണെന്ന് തോന്നുന്നില്ലി. ഇതിനെ എങ്ങനെ വിശ്വസിക്കും? മുതിർന്നവരുടെ മുന്നിൽ, സ്വന്തം സമാജത്തിലെ നേതാക്കൻമ്മാരുടെ മുന്നിൽ, ആചാര്യന്മാരുടെ മുന്നിൽ ഈ പ്രശ്നം വക്കുന്നു – ചിലരെങ്കിലും പരിഭ്രമിക്കുന്നു. ഓ, ഇത് എന്താണ് ചെയ്യാൻ തടുങ്ങിയത്? ഈ സംശയം വക്കുകയാണോ? നമ്മുടെ മഹാപുരുഷന്റെ വചനത്തെ സംശയിക്കുകയാണോ? സ്വന്തം ധർമ്മഗ്രന്ഥങ്ങളിലെ വാണിയെ സംശയിക്കുകയാണോ? അവനെ ചീത്ത പറയുന്നു. അവന് താക്കീതു കൊടുക്കുന്നു – ഇത്തരം സംശയം വച്ചാൽ എന്താണ് പരിണാമം എന്നറിയാമോ? മരിച്ചതിനു ശേഷം ഘോര നരകം ലഭിക്കും. കുംഭീപാക നരകം ലഭിക്കും – ഒരു കലത്തിൽ നിന്നെ ഇട്ട് വേവിക്കും, അത്തരം കുംഭീപാക നരകം. മുഴുവൻ വർണ്ണന കേട്ടു കേട്ട് പാവത്തിന്റെ രോമങ്ങൾ എണിറ്റു നിൽക്കും. പരിഭ്രമിക്കും, ഭയക്കാൻ തുടങ്ങും. ഇല്ല, ഞാൻ ഇത്തരം നരകത്തിൽ പോകുന്നതിന് തയ്യാറല്ല. ഈ കാര്യത്തിൽ വിശ്വസിച്ചാൽ നരകത്തിൽ പോകുന്നതിൽ നിന്ന് രക്ഷപ്പെടാമെങ്കിൽ ഞാൻ വിശ്വസിക്കാം. വിശ്വസിക്കുന്നു. ഭയം മൂലം വിശ്വസിച്ചു.

ചിലപ്പോൾ ഇതേ സമ്പ്രദായത്തിലെ നേതാക്കൾ, വീട്ടിലെ, സമൂഹത്തിലെ മുതിർന്നവർ ഇതു പറയും – നോക്കൂ നമ്മുടെ ശാസ്ത്രത്തിൽ ഏതൊന്ന് എഴുതിയിട്ടുണ്ടോ, തർക്കം കൂടാതെ അതേപടി വിശ്വസിച്ചുപോയാൽ എന്തു സംഭവിക്കുമെന്നറിയാമോ? മരിച്ചതിനു ശേഷം നിനക്ക് സ്വർഗ്ഗം ലഭിക്കും. പിന്നെ സ്വർഗ്ഗത്തിന്റെ വ്യാഖ്യാനം. ഓ, ഇത്തരം സ്വർഗ്ഗം, അതിൽ ഇത്തരം അപ്സരസുകൾ കൂടാതെ ഇത്തരത്തിലെ ദിവ്യ പാനിയങ്ങൾ, ദിവ്യ മദ്യം കുടിക്കാൻ ലഭിക്കും. പാവത്തിന്റെ വായിൽ വെള്ളമൂറും. ഓ, വിശ്വസിക്കുന്നതുകൊണ്ടു മാത്രം ഇത്തരം സ്വർഗ്ഗം ലഭിക്കുമൊ! ഞാൻ ഇപ്പോൾ തന്നെ വിശ്വസിക്കുന്നു സഹോദര! അപ്പോൾ വിശ്വസിക്കുകമാത്രമാണല്ലോ? ഒന്നുകിൽ ശ്രദ്ധ അല്ലെങ്കിൽ അന്ധശ്രദ്ധമൂലം വിശ്വസിക്കുകയാണ് അല്ലെങ്കിൽ ഭയം മൂലം

വിശ്വസിക്കുകയാണ്, അല്ലെങ്കിൽ ലോബം മൂലം വിശ്വസിക്കുകയാണ്. കേവലം വിശ്വസിക്കുകയാണ്, അറിഞ്ഞിട്ടില്ല. അറിയൽ വളരെ ദൂരെയാണ്. ഇത് ശ്രുതജ്ഞാനമായി.

ശ്രുതജ്ഞാനം എല്ലായ്പ്പോഴും ഹാനി കരമാകണം എന്നില്ല. വളരെ നന്മ തരുന്നതുമാകാവുന്നതാണ്. ശ്രുതജ്ഞാനം മൂലം നമ്മുടെ മനസ്സിൽ പ്രേരണ ഉണരുന്നു. വിവേകശാലിയായ മനുഷ്യനാണെങ്കിൽ അവന്റെ മനസ്സിൽ പ്രേരണ ഉണരും. അവന് മാർഗ്ഗ ദർശനം ലഭിക്കും. അവന്റെ മനസ്സിൽ ഇത്തരം പ്രരണ ഉണരുമ്പോൾ അടുത്ത ചുവട് എടുക്കും. ആ അടുത്ത ചുവട് ചിന്തൻമയി പ്രജ്ഞയാണ്. ഇതുവരെ ഏതൊന്ന് കേട്ടിട്ടുണ്ടോ, പഠിച്ചിട്ടുണ്ടോ, അതിനെപ്പറ്റി ചിന്തനം ചെയ്യും, മനനം ചെയ്യും. ചിന്തനം, മനനം ചെയ്യൽ മനുഷ്യന്റെ സഹജ സ്വഭാവമാണ്, നൈസർഗ്ഗിക സ്വഭാവമാണ്. മനനം ചെയ്തു നോക്കുന്നു. തർക്കത്തിന്റെ തുലാസിൽ തൂക്കി നോക്കുന്നു. ബുദ്ധിയുടെ ഉരകല്ലിൽ ഉരച്ചു നോക്കുന്നു. ഏതൊന്ന് ഞാൻ പഠിച്ചിട്ടുണ്ടോ, ഏതൊന്ന് ഞാൻ കേട്ടിട്ടുണ്ടോ – തർക്ക സംഗതമാണോ? യുക്തി സംഗതമാണോ? ന്യായ സംഗതമാണോ? വിശ്വസിക്കാൻ യോഗ്യമാണോ? വിശ്വസിക്കാൻ യോഗ്യമാണെങ്കിൽ സ്വീകരിക്കുന്നു.

ഇതിലും ഒരു ബുദ്ധിമുട്ടുണ്ടാകുന്നു. ഒരു വ്യക്തി ഏതൊരു കുടംബത്തിൽ ജനിച്ചോ, ചുറ്റുപാടിൽ വളർന്നോ, അവിടെയുള്ള വിശ്വാസത്തേ കേട്ടുകേട്ട് – ആ വിശ്വാസത്തിന്റെ വളരെ കട്ടികൂടിയ ലേപനം അവന്റെ ബുദ്ധിയിലും, മനസ്സിലും പതിഞ്ഞിരിക്കുകയാണ്. ചിന്തിക്കുകയാണെങ്കിൽ ഈ വിശ്വാസത്തിന്റെ ന്യായീകരണം തന്നെ ചെയ്യുന്നു – ഇത് തീർത്തും ശരിയാണ്. ഇതിന്റെ വക്കിൽ ആയിത്തീരുന്നു, വളരെ ശരിയാണ്. ഇതിൽ എന്തു തെറ്റുണ്ടാകാനാണ്? അതായത് മുഴുവൻ തർക്കവും, മുഴുവൻ ചിന്തയും ഈ ദിശയിൽ തന്നെ നടക്കുന്നു, അതായത് ഇതിനെ എങ്ങനെ സത്യമെന്ന് സ്ഥാപിക്കും? കേവലം ബുദ്ധി യുപയോഗിച്ച് മനസ്സിലാക്കിയതല്ലെ! എന്നാൽ ബുദ്ധിക്ക് അതിന്റേതായ അതിരുണ്ട്, തർക്കത്തിനും അതിരുണ്ട്. ഒരു കാര്യം ഇന്ന് തർക്കസംഗതമായി തോന്നി, നാളെ അതുതന്നെ വളരെ യുക്തിഹീനമായി തോന്നാം, ആർക്കറിയാം? ബുദ്ധിയുടെ അതിരിനകത്ത് ഏതെങ്കിലും കാര്യത്തെ സ്വീകരിക്കുകയാണ് എങ്കിൽ സ്വീകരിക്കുക മാത്രമാണ്, വിശ്വസിച്ചുകൊണ്ടിരിക്കുകമാത്രമാണ്, ഇപ്പോൾ അറിഞ്ഞിട്ടില്ല. അന്യ ജ്ഞാനമാണ്. ശ്രുതജ്ഞാനവും അന്യരുടെ ജ്ഞാനമാണ്. ചിന്തൻ ജ്ഞാനവും അന്യരുടെ ജ്ഞാനമാണ്. ജ്ഞാനം മറ്റാരുടെയെങ്കിലുമാണ്. നമ്മൾ ശ്രദ്ധമൂലം സ്വീകരിച്ചു അല്ലെങ്കിൽ തർക്കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചു. എന്നാൽ ഇപ്പോൾ അറിഞ്ഞിട്ടില്ല.

മൂന്നാമത്തെ പടി – ഭാവനാമയി പ്രജ്ഞ. അതിലേക്ക് പോയി ചേരുമ്പോൾ നന്മയുണ്ടാകും. അല്ലെങ്കിൽ സംഭവിക്കുന്നത് ഇതാണ് – ചിലപ്പോൾ കേവലം ശ്രുതജ്ഞാനം മാത്രം നേടിയതും ഗർവ്വ് തലയിൽ കയറ്റും – അഹംഭാവവും, അഹങ്കാരവും കയറ്റും – എന്നെപ്പോലെയുള്ള ജ്ഞാനി ആരുണ്ട്? ഞാൻ ശരിക്കും അറിഞ്ഞു. ഒന്നും അറിഞ്ഞിട്ടില്ല – ഞാൻ ശരിക്കും അറിഞ്ഞു എന്ന് വിശ്വസിക്കുകമാത്രമാണ്. ഇപ്പോഴാകട്ടെ ധർമ്മത്തെ ഇത്ര നല്ല തരത്തിൽ അറിഞ്ഞു – ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും, പ്രവചനം കൊടുക്കാൻ സാധിക്കും, പുസ്തകങ്ങൾ എഴുതാൻ സാധിക്കും. ഓ, എന്നെപ്പറ്റി എന്തു പറയാൻ? എന്നെപ്പോലെയുള്ള ജ്ഞാനി ആരുണ്ട്? ചിന്താ–മനനം ചെയ്തിട്ടുതന്നെയാണ് ഇങ്ങനെ സ്വീകരിച്ചത് എന്നിട്ട് ഗർവ്വും ഉണർത്തിയാൽ കൂടുതൽ കഠിനതയുണ്ടാകുന്നു. ഇപ്പോഴാകട്ടെ തർക്കമുപയോഗിച്ച് ജനങ്ങൾക്കു മുന്നിൽ സ്ഥാപിച്ച് പറയാൻ സാധിക്കും – എന്റെ വിശ്വാസം, അതുതന്നെയാണ് ശരി.

സ്വയം സ്വന്തം അനുഭൂതിയിൽ കൊണ്ടുവരാനുള്ള പ്രരണ ഉണർന്നില്ലല്ലോ. ഓ സഹോദര, ശ്രുതജ്ഞാനം നമ്മുടെ മംഗളത്തിനുവേണ്ടിയാണ്, നമ്മുടെ നന്മക്കുവേണ്ടി, നമുക്ക് പ്രേരണ തന്ന്, മാർഗ്ഗദർശനം തന്ന് അടുത്ത ചുവട് എടുക്കുന്നതിനുവേണ്ടിയാണ്, ആ ശ്രുതജ്ഞാനത്തിനു ശേഷം നമ്മൾ ചിന്തൽ ജ്ഞാനം ഉണർത്തണം. ചിന്തൻ ജ്ഞാനം നമ്മുടെ മംഗളത്തിനുവേണ്ടിയാണ്, നന്മക്കുവേണ്ടി, അത് നമുക്ക് പ്രേരണ, മാർഗ്ഗദർശനം തരുന്നതിനു വേണ്ടിയാണ്, – അതുമൂലം നമ്മൾ ഭാവനാമയി പ്രജ്ഞയിലേക്ക് മുന്നേറും. ഭാവനാമയി പ്രജ്ഞയിലെ നന്മയുണ്ടാകൂ.

ഭാവനാമയി പ്രജ്ഞ എന്താണ്? 2500 വർഷങ്ങളിൽ ഭാഷ മാറിപ്പോകുന്നു, ശബ്ദം മാറിപ്പോകുന്നു, ശബ്ദങ്ങളുടെ അർത്ഥം മാറിപ്പോകുന്നു. ഇന്നാകട്ടെ ഭാവനാ ശബ്ദത്തിന്റെ അർത്ഥം ഭാവുകമാവുക, സെന്റിമെന്റൽ ആവുക എന്നാണ്. 2500–2600 വർഷം മുമ്പുള്ള ഭാരതത്തിന്റെ ഭാഷയിൽ ഭാവനയുടെ അർത്ഥം ഇതല്ലായിരുന്നു. ഏതൊന്ന് ഭാവിതമാകുന്നോ അതായത് അനുഭൂതിയിൽ വന്നു കൊണ്ടിരിക്കുന്നോ കൂടാതെ വീണ്ടും വീണ്ടും ഭവിച്ചുകൊണ്ടിരിക്കുന്നോ. അതേ കാര്യം വീണ്ടും വീണ്ടും, വീണ്ടും വീണ്ടും അനുഭവത്തിൽ വന്നുകൊണ്ടിരിക്കുകയാണ്, അപ്പോൾ അതിനെ പറഞ്ഞിരുന്നു 'ഭാവിതൊ ബഹുലീകതൊ, ഭാവിതൊ ബഹുലീകതൊ.' ആ സത്യത്തെ അനുഭൂതിയിൽ വീണ്ടും, വീണ്ടും വീണ്ടും വീണ്ടും കൊണ്ടു വന്നു വന്ന് അതിനെപ്പറ്റി പൂർണ്ണമായ അറിവ് ഉണ്ടാകാൻ തുടങ്ങുന്നു. ഇത് ഭാവനാമയി പ്രജ്ഞയാണ്. ഇത് സ്വന്തം പ്രജ്ഞയാണ്, സ്വന്തം അനുഭൂതിയുടെ തലത്തിൽ ഉണർന്ന പ്രജ്ഞയാണ്. നന്മ ഇത് ചെയ്യും, മുക്തിയിലേക്ക് ഇത് കൊണ്ടു പോകും, ഇത് വികാരങ്ങളിൽ നിന്ന് വിടുതൽ തരും. ദുഖങ്ങളിൽ നിന്ന്, ബന്ധനങ്ങളിൽ നിന്ന് വിടുതൽ ഇത് തരും. ഈ ഭാവിതപ്രജ്ഞ ഉണരണം. അനുഭൂതിയാലുള്ള പ്രജ്ഞ ഉണരണം. പ്രജ്ഞ ശബ്ദത്തിന്റെ അർത്ഥം തന്നെ പ്രത്യക്ഷ ജ്ഞാനം എന്നാണ്.

ശ്രുതവും ചിന്തയും പ്രത്യക്ഷ ജ്ഞാനമല്ല. പരോക്ഷ ജ്ഞാനമാണ്. മറ്റാരുടെയെങ്കിലും ജ്ഞാനമാണ്. ഈ ഭാവനാമയി പ്രജ്ഞ ഉണരുകയാണെങ്കിൽ പ്രത്യക്ഷ ജ്ഞാനമാണ്. സ്വന്തം അനുഭൂതിയുടെ ജ്ഞാനമാണ്. ആരംഭത്തിൽ അനുഭൂതി ഒരതിരുവരെയെ ഉണ്ടാവുകയുള്ളു. നമ്മുടെ മനസ്സ് അനുഭൂതി ചെയ്യുന്നതിന് എത്ര

യോഗ്യനായി? സ്വന്തം ഉള്ളിൽ സത്യം ഏത് അതിരു വരെ അനുഭൂതിയിൽ വന്നുവോ, അത്ര അത്ര ഭാവിത പ്രജ്ഞ. വീണ്ടും മുന്നേറിപ്പോയി. വീണ്ടും വീണ്ടും; വീണ്ടും വീണ്ടും ജോലി ചെയ്തു പോയപ്പോൾ അതിലും അധിക സൂക്ഷ്മ സത്യം, അതിലും അധിക സൂക്ഷ്മ സത്യം പ്രത്യക്ഷപ്പെട്ടു. ഇപ്രകാരം ഈ ഭാവിതപ്രജ്ഞയുടെ ക്ഷേത്രത്തിൽ മുന്നേറി മുന്നേറി ശരീരവും ചിത്തവും, ഇത് രണ്ടിനെയും പ്പറ്റിയുള്ള ഏതൊരു സത്യമുണ്ടോ, അത് മുഴുവൻ അനുഭൂതിയിൽ ഇറങ്ങണം. സ്ഥൂലസ്ഥൂല സത്യം മുതൽ സൂക്ഷ്മസൂക്ഷ്മ സത്യം വരെ – ഉള്ളിലെ ഈ മുഴുവൻ പ്രപഞ്ചവും, അനുഭൂതിയിലൂടെ മനസ്സിലാകാൻ തുടങ്ങണം. ഈ ശരീരത്തിന്റെ പ്രപഞ്ചം, ഈ ചിത്തത്തിന്റെ പ്രപഞ്ചം കൂടാതെ ഇതുരണ്ടിന്റെയും കൂടിചെർന്ന ജീവ ധാരയുടെ പ്രപഞ്ചം ശരിക്കും മനസ്സിലാകാൻ തുടങ്ങും. എന്നിട്ട് മനസ്സിലാക്കിക്കൊണ്ട് സ്വന്തം വികാരങ്ങളിൽ നിന്ന് മുക്തനായിക്കൊണ്ടു പോകും.

എന്തെന്നാൽ ശരീരത്തിന്റെയും ചിത്തത്തിന്റെയും പ്രപഞ്ചം, ക്ഷേത്രം – അത് അനിത്യതയുടെ ക്ഷേത്രമാണ്. സാധകൻ സ്വന്തം അനുഭൂതിയിലൂടെ അറിയും – ഇത് അനിത്യമാണ്. നോക്കൂ, ഉത്പന്നമായി എന്നിട്ട് സമയമായപ്പോൾ നഷ്ടമായി, ഉത്പാദമായി, വ്യയമായി. ഉദയമായി, വ്യയമായി. ഇപ്രകാരം അനുഭൂതിയിലൂടെ അറിഞ്ഞ്-അറിഞ്ഞ് അതിനോടുള്ള ആസക്തി മുറിഞ്ഞുകൊണ്ടു പോകും. അപ്പോൾ മനസ്സ് അത്ര-അത്ര നിർമ്മലമായിക്കൊണ്ടു, തീക്ഷ്ണ മായിക്കൊണ്ടു പോകും. ഈ തുളച്ചു കയറുന്ന പ്രജ്ഞ എത്ര നിർമ്മലമാകുമോ, അത്രതന്നെ തീക്ഷ്ണമായിക്കൊണ്ടു പോകും. തുളച്ചു കയറുന്ന പ്രജ്ഞ, തുളച്ചു കീറുന്ന പ്രജ്ഞ ആയാൽ എവിടെ എല്ലാം സത്യം വളരെ ഘനീഭൂതമായി പ്രകടമാകുന്നോ – ശാരീരികമായാലും, ചേതസിക മായാലും – എവിടെ എവിടെ ഘനീഭൂതമായി പ്രകടമാകുന്നോ, ഈ പ്രജ്ഞ അതിനെ തുളച്ചു തുളച്ച്, വിശ്ലേഷണം ചെയ്തു ചെയ്ത്, അതിലും അധികം സൂക്ഷ്മം, അതിലും അധികം സൂക്ഷ്മം, ഏറ്റവും സൂക്ഷ്മമായ അവസ്ഥകളിലേക്ക് കൊണ്ടുപോകുന്നു. അവിടെയുള്ള വികാരങ്ങളുടെ സംഗ്രഹത്തിന്റെ നീക്കം ആയിക്കൊണ്ടു പോകുന്നു. അങ്ങനെ ആയിആയി മുഴുവൻ അനിത്യക്ഷേത്രത്തിന്റെയും അറിവ് ആയിത്തീരുന്നു. അങ്ങനെ ഉള്ളിൽ രാഗം അല്ലെങ്കിൽ ദ്വേഷം ഉണർത്തുന്ന സ്വഭാവത്തെ മുറിക്കുന്നു. ഈ ശരീരചിത്ത പ്രപഞ്ചത്തിനോട് ഏതൊരു ആസക്തി ഉണ്ടായിരുന്നോ, മോഹമുണ്ടായിരുന്നോ, അജ്ഞാന മുണ്ടായിരുന്നോ അതിനെ മുറിച്ചപ്പോൾ ചിത്തം നിർമ്മലം ആയിആയി ഇത്തരം അവസ്ഥയിൽ എത്തിച്ചേർന്നു എന്തെന്നാൽ ഇപ്പോൾ ഈ മുഴുവൻ അനിത്യ ക്ഷേത്രത്തിനപ്പുറത്തെ നിത്യത്തിന്റെ സാക്ഷാത്കാരമായി. ധ്രുവത്തിന്റെ സാക്ഷതകാര മായി ശാശ്വതത്തിന്റെ സാക്ഷാത്കാരമായി. അത് ജരാമരണമില്ലാത്തതാണ്. ഇവിടെ, ഈ മുഴുവൻ മുഴുവൻ ക്ഷേത്രവും അനിത്യമാണ്. ഉത്പന്നമാകുന്നു, നഷ്ടമാകുന്നു. ഉത്പന്നമാകുന്നു, നഷ്ടമാകുന്നു. എന്നാൽ അവിടെയാകട്ടെ ഒന്നും തന്നെ ഉത്പന്നമാകുന്നില്ല, ഒന്നും തന്നെ നഷ്ടമാകുന്നില്ല. അപ്പോൾ രണ്ടിനെയും അറിഞ്ഞു. അനിത്യമെന്താണ്, ഇതിനെയും അറിഞ്ഞു. നിത്യമെന്താണ്, ഇതിനെയും അറിഞ്ഞു. അപ്പോൾ പ്രജ്ഞ ഫലവതി ആയി, സഫലമായി. ഈ അനുഭൂതിമൂലമുണ്ടായ പ്രജ്ഞയേ സഫലമാകൂ. ശ്രുതമയി പ്രജ്ഞക്ക് ഈ മുഴുവൻ കാര്യങ്ങളും ചെയ്യാൻ സാധിക്കില്ല. ചിന്തൻമയി പ്രജ്ഞ ഇത് മുഴുവൻ അനുഭവിക്കില്ല. അത് പ്രരണ തരുമായിരിക്കും, മാർഗ്ഗദർശനം തരുമായിരിക്കും. അനുഭൂതിയിലൂടെയുണ്ടായ ഭാവനാമയി പ്രജ്ഞ ഉണരുമ്പോൾ മുക്ത അവസ്ഥവരെ കൊണ്ടുപോകും. ലാഭം അതുമൂലമുണ്ടാകും.

അതിനെ ഒരുദാഹരണം കൊണ്ട് മനസ്സിലാക്കാം. ഒരു വ്യക്തിക്ക് വളരെ വിശപ്പ് – ഭക്ഷണത്തിനായി ഏതെങ്കിലും റെസ്റ്റോറന്റിൽ പോയി. നല്ല റെസ്റ്റോറന്റാണ്. ഇരുന്നു, ഭക്ഷണം കൊടുക്കുന്നയാൾ വന്ന് മെനുവിന്റെ കാർഡ് മുന്നിൽ വക്കുന്നു. അതിനെ വായിക്കുന്നു, ഓ, ഇന്നാകട്ടെ ഇവിടെ വളരെ സ്വാദിഷ്ടമായ ഭോജനം ഉണ്ടാക്കിയിട്ടുണ്ട്. വായിൽ വെള്ളം വരുന്നു. ഇങ്ങനെ ഒന്നാമത്തെ സംഭവം സംഭവിച്ചു. വീണ്ടും ബെയററിനെ വിളിച്ച് ഓർഡർ കൊടുക്കുന്നു, ഇന്ന ഇന്ന ഭക്ഷണം കൊണ്ടു വരിക. ഇനി അവൻ വരുന്നതിന് അഞ്ചു പത്തു മിനിട്ടു പിടിക്കും. കാത്തിരുന്നു കൊണ്ട് എന്തു ചെയ്യും? ഇവിടെ അവിടെ നോക്കുന്നു. ചുറ്റുവട്ടത്തുമുള്ള കസേരകളിൽ മറ്റുള്ളവർക്ക് ഭക്ഷണം വിളമ്പികൊടുത്തിട്ടുണ്ട്, അവർ ഭക്ഷണം കഴിക്കുകയാണ്. അവരുടെ മുഖങ്ങളിൽ നോക്കുകയാണ്. അന്നേരം ചിന്തിക്കുകയാണ് – സത്യമായും ഭക്ഷണം വളരെ സ്വാദിഷ്ടമായിരിക്കും. നോക്കൂ, അവരുടെ മുഖങ്ങളിൽ നിന്ന് അറിയുന്നു, അവർക്ക് വളരെ സ്വാദിഷ്ടമായി തോന്നുകയാണ്. അങ്ങനെ രണ്ടാമത്തെ സംഭവം സംഭവിച്ചു.

മൂന്നാമത്തെ സംഭവം – ബെയറർ ഭക്ഷണം കൊണ്ടു വച്ചു. അന്നേരം സ്വയം അതിനെ രുചിക്കാൻ തുടങ്ങി, അതിനെ ഭക്ഷിക്കാൻ തുടങ്ങി. അപ്പോൾ ആദ്യം ശ്രുത ജ്ഞാനമാണ്. ആ മെനുകാർഡാണ് പറയുന്നത് ഭോജനം ഇത്തരത്തിലാണെന്ന്. അവന് വായിൽ തീർച്ചയായും വെള്ളം വന്നു എന്നാൽ ഭക്ഷണം കഴിച്ചില്ല അതുകൊണ്ട് ആ വിശപ്പുള്ള വ്യക്തിയുടെ വയർ നിറഞ്ഞില്ല. അടുത്തത് ചിന്താജ്ഞാനം – അവൻ ചിന്തയാൽ, ബുദ്ധിയാൽ തർക്കത്താൽ കാണുകയാണ് – എപ്പോളെപ്പോൾ ജനങ്ങൾ നല്ല ഭക്ഷണം കഴിക്കുന്നോ, സ്വാദിഷ്ട ഭോജനം കഴിക്കുന്നോ, അപ്പോൾ മുഖത്ത് എത്തരം ഭാവമാണുണ്ടാകുന്നത്. ഓ, ഇത്തരം ഭാവമാണ് അവന്റെ മുഖത്തുള്ളത്, ആയതുകൊണ്ട് ബുദ്ധി പറയുന്നു – ഭോജനം തീർച്ചയായും വളരെ സ്വാദിഷ്ടമായിരിക്കും. അങ്ങനെ ഇത്രമാത്രമെ ആകുകയുള്ളു – വായിൽ വീണ്ടും വെള്ളം വന്നു. ഇപ്പോൾ ഭക്ഷണം കഴിച്ചു നോക്കിയിട്ടില്ല. അവന്റെ വയറിലെ അഗ്നി അതുമാത്രം കൊണ്ട് അണഞ്ഞിട്ടില്ല. ചിന്താജ്ഞാനമായി. അടുത്തത്, മൂന്നാമത്തെത്, പ്രത്യക്ഷ ജ്ഞാനം. എപ്പോൾ സത്യമായും ഭോജനം വിളമ്പി കഴിച്ചു, അതുമൂലം സ്വന്തം വിശപ്പ് മാറി. അത് ഭാവനാമയി പ്രജ്ഞയായി. ലാഭം അതിനാൽ ഉണ്ടാകും.

ഒരു ഉദാഹരണം കൊണ്ട് മനസ്സിലാക്കാം. ചിലപ്പോഴൊക്കെ ചില കാര്യങ്ങൾ ഉദാഹരണവും,

ഉപമകളും കൂടുതൽ സ്പഷ്ടമാക്കുന്നു – ഒരു രോഗിയായ വ്യക്തി സ്വന്തം ഡോക്ടറിന്റെ അടുത്തു പോയി. ഡോക്ടർ പരിശോധിച്ചു നോക്കി – നിനക്ക് ഇന്ന രോഗമുണ്ട് ആയതുകൊണ്ട് ഇന്ന മരുന്ന് ശരിയാകും. അദ്ദേഹം ഒരു കുറുപ്പിൽ മരുന്നിന്റെ പേര് എഴുതുന്നു. അവൻ വളരെ സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങുന്നു. ആ ഡോക്ടറെ വളരെ വിശ്വാസമാണ്, ഉണ്ടാവുക തന്നെ വേണം. ഏതൊരു വൈദ്യനോ ഡോക്ടറേക്കൊണ്ടോ, ചികിത്സ ചെയ്യിപ്പിക്കുന്നോ അദ്ദേഹത്തിൽ ശ്രദ്ധ തന്നെയില്ലെങ്കിൽ ചികിത്സ എങ്ങനെ ചെയ്യിപ്പിക്കും? എന്നാൽ ശ്രദ്ധ അന്ധ ശ്രദ്ധയാകുമ്പോഴോ?

ഇപ്പോൾ എന്താണ് ചെയ്യാൻ തുടങ്ങിയത്? ആ വൈദ്യന്റെ, ചികിത്സകന്റെ ഒരു ചിത്രം സ്വന്തം പൂജാ മുറിയിൽ വക്കുന്നു. അദ്ദേഹത്തിന്റെ മുന്നിൽ സുഗന്ധധൂപം പുകക്കുന്നു, ദീപം തെളിക്കുന്നു. അദ്ദേഹത്തിന് പുഷ്പം ആർപ്പിക്കുന്നു. നൈവേദ്യം അർപ്പിക്കിക്കുന്നു, വളരെ ശ്രദ്ധയോടെ കൈകൂപ്പി ക്കൊണ്ട് മൂന്നു പ്രാവശ്യം നമസ്കാരം ചെയ്യുന്നു. എന്നിട്ട് ആ കുറിപ്പെടുത്ത് പാരായണം ചെയ്യുകയാണ്. 'രണ്ടു ഗുളിക രാവിലെ, രണ്ടു ഗുളിക ഉച്ചക്ക്, രണ്ടു ഗുളിക വൈകുന്നേരം; രണ്ടു ഗുളിക രാവിലെ, രണ്ടു ഗുളിക ഉച്ചക്ക്....! അയ്യോ എന്തു പറ്റി? എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ഇതുകൊണ്ടെന്തു ലാഭമുണ്ടാകും? മനസ്സിലാകുന്നില്ല, എന്തെന്നാൽ ശ്രദ്ധ അന്ധശ്രദ്ധ ആയിത്തീർന്നു. ഇത് ശ്രുതജ്ഞാനമാണ്. കടലാസ്സിൽ എന്തെങ്കിലും എഴുതിയിട്ടുണ്ട് എന്നാൽ നമ്മൾ അന്ധനായതു കൊണ്ട് കേവലം അതിന്റെ പാരായണം ചെയ്തുകൊണ്ടു പോകുകയാണ്.

രണ്ടാമത്തെ സംഭവം – മറ്റൊരു രോഗി. അവനും ഇത്തരം മരുന്നിന്റെ കുറിപ്പ് ഡോക്ടർ എഴുതിക്കൊടുത്തു. വിട്ടിൽ വന്നു, ആലോചിക്കു കയാണ് – അയ്യോ, ഈ മരുന്നുകൊണ്ട് ഞാൻ എങ്ങനെ ശരിയായിത്തീരും? വീണ്ടും ഓടി ഡോക്ടറുടെ അടുത്തു പോകുന്നു. അദ്ദേഹവുമായി സംവാദം ചെയ്യുന്നു, തർക്കം ചെയ്യുന്നു. എങ്ങനെ ശരിയായിത്തീരും? ഡോക്ടർ വിവേകശീലനാണ്. അവന്റെ തർക്കങ്ങളെ ശാന്തമാക്കിക്കൊണ്ട് മനസ്സിലാക്കുകയാണ്, നോക്കൂ സഹോദരാ, നിനക്ക് ഇന്ന രോഗമുണ്ട് കൂടാതെ ഈ രോഗത്തിന്റെ മൂല കാരണം ഇതാണ്. ഈ മരുന്നു സേവിച്ചാൽ ഈ കാരണം ദൂരീകരിക്കപ്പെടും. മൂലകാരണത്തിന്റെ നിവാരണം അയാൽ രോഗത്തിന്റെ നിവാരണം തന്നെത്താൻ ആയിത്തീരും. വളരെ സന്തോഷമായി. ഓ, എന്റെ ഡോക്ടറിനെപ്പറ്റി എന്തു പറയാൻ! ഇത്ര വിവേകശീലനായ ഡോക്ടർ! ഇദ്ദേഹം ഇത്തരം മരുന്നു തന്നു, രോഗം വേരോടെ പോകും! രോഗത്തിന്റെ കാരണം തന്നെ നീങ്ങിപ്പോയാൽ രോഗം എങ്ങനെ നിലനിൽക്കും? ഓ, എന്റെ ഡോക്ടറിനെപ്പറ്റി എന്തു പറയാൻ! എന്റെ ഡോക്ടറിന്റെ ഈ മരുന്നിനെപ്പറ്റി എന്തു പറയാൻ! വീട്ടിൽ വന്ന് സ്വന്തം ഡോക്ടറിനെപ്പറ്റി വളരെ പ്രശംസ ചെയ്യുന്നു. ഞങ്ങളുടെ ഡോക്ടർ ഇത്തരത്തിലാണ്, ഞങ്ങളുടെ വൈദ്യൻ ഇത്തരത്തിലാണ് എന്നിട്ട് അയൽവാസികളുമായി കലഹിക്കുന്നു. ഓ, നിങ്ങളുടെ ഡോക്ടറിനെക്കൊണ്ട് എന്തുപയോഗം? എന്റെ ഡോക്ടറിനെ നോക്കൂ, എത്ര മഹാൻ? നിങ്ങളുടെ ഡോക്ടറിന്റെ മരുന്നുകൊണ്ട് എന്തുപയോഗം? നോക്കൂ, എന്റെ ഡോക്ടറിന്റെ മരുന്ന് എത്ര നല്ലത്? മരുന്നിന്റെ ഉപയോഗമാകട്ടെ ഇവനും ചെയ്യുന്നില്ല. ഓ, എവിടെയാണ് കുടുങ്ങിക്കിടക്കുന്നത്.

ഇതു തന്നെയാണ് സംഭവിക്കുന്നത് – എപ്പോൾ ഏതെങ്കിലും മഹാപുരുഷൻ വരുന്നോ, ലോകത്തിലെ ജനങ്ങളെ ദുഖിതനായി കാണുന്നോ, രോഗിയായി കാണുന്നോ – വളരെ കരുണയോടെ ഇവർ രോഗമുക്തനാകുന്നതിനായി അവർക്ക് ധർമ്മത്തിന്റെ മരുന്ന് കൊടുക്കുന്നു. വിപശ്യനയുടെ ഔഷധി കൊടുക്കുന്നു. ഓ, അതിന്റെ സേവനം ചെയ്താൽ മുഴുവൻ ദുഖങ്ങളിൽ നിന്ന് മുക്തനായിത്തീരും. അതിന്റെയാകട്ടെ സേവനം ചെയ്യുന്നില്ല. അല്ലെങ്കിൽ ആദ്യത്തെ അവസ്ഥയെപ്പോലെ അദ്ദേഹത്തിനെപ്പറ്റി ശ്രദ്ധ ഉണർത്തി – ഇത്ര ശ്രദ്ധയുണർത്തി അദ്ദേഹത്തിന്റെ പ്രതിമകൾ ഉണ്ടാക്കി, അദ്ദേഹത്തിന്റെ ചിത്രം ഉണ്ടാക്കി, അദ്ദേഹത്തിന് പുഷ്പം അർപ്പിച്ചു, ദീപം തെളിയിച്ചു. ദോഷത്തിന്റെ കാര്യമൊന്നുമല്ല, എന്നാൽ മരുന്ന് എടുക്കേണ്ടതുണ്ടല്ലോ! മരുന്ന് എടുക്കുന്നില്ലെങ്കിൽ വണ്ടി അവിടെതന്നെ കുടുങ്ങി. അല്ലെങ്കിൽ പിന്നെ വേറെ കാര്യമായി – കലഹിക്കുന്നു, അടിപിടി കൂടുന്നു – ഞങ്ങളുടെ മഹാപുരുഷൻ തന്നെയാണ് ശരിയായ മഹാ പുരുഷൻ. നിങ്ങൾ ആരെ മഹാപുരുഷനെന്നു വിളിക്കുന്നോ അദ്ദേഹം മഹാപുരുഷനല്ല. ശരിയായ മഹാപുരഷനാകട്ടെ ഇദ്ദേഹം തന്നെയാണ്. ഞങ്ങളുടെ മഹാപുരുഷൻ ഏതൊരു ജ്ഞാനം തന്നോ, ഞങ്ങളുടെ മഹാപുരുഷൻ ഏതൊരു വിദ്യ പഠിപ്പിച്ചോ, ധർമ്മം പഠിപ്പിച്ചോ അതുതന്നെയാണ് ശരി – യുക്തിസംഗതമാണ്, ന്യായസംഗതമാണ്, മംഗളകരമാണ്. നിങ്ങളുടെ മഹാപുരുഷൻ എന്താണ് പഠിപ്പിച്ചത്? അദ്ദേഹം എത്തരം മരുന്നാണ് തന്നത്? ഓ, ധർമ്മത്തിന്റെ പേരിൽ ഇതുതന്നെയല്ലെ നടക്കുന്നത്! ധർമ്മം ധാരണം ചെയ്യുന്നില്ല. ഭാവനാമയി പ്രജ്ഞ വന്നപ്പോൾ ധർമ്മം ധാരണം ചെയ്യാൻ തുടങ്ങി.

ഈ ഭാവനാമയി പ്രജ്ഞ എത്തരത്തിലാണ്? ആദ്യം ധർമ്മത്തിന്റെ കാര്യമെങ്കിലും കേൾക്കട്ടെ – ഏതൊരു വ്യക്തിക്ക് സ്വന്തം ജീവിതത്തിൽ ശുദ്ധ ധർമ്മത്തിന്റെ കാര്യം നേരത്തെ ഒരിക്കലും കേൾക്കാനെ സാധിച്ചിട്ടില്ലയോ, അവൻ എങ്ങനെ സ്വന്തം ഭാവനാമയിപ്രജ്ഞ ഉണർത്തും? എങ്ങനെ ധർമ്മം ധാരണം ചെയ്യാൻ സാധിക്കും? എങ്ങനെ ധർമ്മത്തിന്റെ വഴിയിൽ മുന്നേറാൻ സാധിക്കും? ആയതുകൊണ്ട് ധർമ്മത്തിന്റെ ആദ്യത്തെ ചുവടുപടി വളരെ ആവശ്യമാണ് – ധർമ്മം കേൾക്കണം. പിന്നെ വളരെ ആവശ്യമാണ് – അതിൽ ചിന്ത ചെയ്യുക, മനനം ചെയ്യുക. അന്ധശ്രദ്ധമൂലം സ്വീകരിക്കരുത്. ശരിക്കും ചിന്താ–മനനം ചെയ്ത് മനസ്സിലാക്കണം. കാര്യമാകട്ടെ വളരെ ശരിയാണ്, വളരെ തർക്കസംഗതമാണ്, വളരെ യുക്തിസംഗതമാണ്, സ്വീകരിക്കാം. പിന്നെയാകട്ടെ കേവലം സ്വീകരിക്കുക മാത്രമല്ല നേരെമറിച്ച് അതിനെ അനുഭൂതിയിൽ കൊണ്ടുവരാൻ തുടങ്ങണം. എത്ര എത്ര ഭാവനാമയി പ്രജ്ഞയുടെ പഥത്തിൽ മുന്നേറാൻ തുടങ്ങുമോ, അത്ര അത്ര ധർമ്മം ധാരണം ചെയ്യുന്ന പഥത്തിൽ മുന്നേറാൻ തുടങ്ങി. ഉള്ളിന്റെ ഉള്ളിൽ ഏതൊരു അനുഭൂതി നടന്നുകൊണ്ടിരിക്കുന്നോ, ആ സത്യത്തിനെ അനുഭൂതിയാൽ അറിഞ്ഞു കൊണ്ടിരിക്കുകയാണ്. ഏതൊന്ന് അനിത്യമാണോ

അതിനെ അനുഭൂതിയുടെ തലത്തിൽ അറിഞ്ഞു കൊണ്ടിരിക്കുകയാണ് – ഇത് അനിത്യമാണ്, നശ്വരമാണ്, ഭംഗുരമാണ്.

ഓ, ഏതൊന്ന് അനിത്യമാണോ, നശ്വരമാണോ, ഭംഗുരമാണോ അതിനെ എങ്ങനെ നല്ലതെന്നു പറയും? അത് എത്രതന്നെ സുഖകരമായി തോന്നിയാലും, അതിനൊട് എന്ത് രാഗം ഉണർത്താൻ? നശ്വരം തന്നെയല്ലെ. പ്രതിക്ഷണം ഉത്പന്നമാകുന്നു, നഷ്ടമാകുന്നു. എന്നാൽ അത് ചീത്തയായി തോന്നിയാൽ, അപ്രിയമായി തോന്നിയാൽ, ദുഖകരമായി തോന്നിയാൽ അതിനൊട് എന്ത് ദ്വേഷം ഉണർത്താൻ? ഏതൊന്ന് സമാപ്തമായി ക്കൊണ്ടുപോകുകയാണോ – ഉത്പന്നമാകുന്നു, നഷ്ടമാകുന്നു – അതിനൊട് രാഗം അരുത്, ദ്വേഷം അരുത്. അതിനോട് 'ഞാൻ' എന്ന ഭാവമില്ല, 'എന്റെ' എന്ന ഭാവമില്ല. മതി, മുക്തിയുടെ വഴി ലഭിച്ചു. ചുവടോടു ചുവട് മുന്നേറിക്കൊണ്ട് മുക്ത അവസ്ഥവരെ എത്തിച്ചേരുക തന്നെചെയ്യും. എത്ര ചുവട് എടുത്തുകൊണ്ടിരിക്കുന്നോ അത് മുക്തിയുടെ തന്നെ ചുവടുകളാണ്, മുക്തിയുടെ തന്നെ ചുവടുകൾ. എപ്പോൾ ശ്രുതജ്ഞാനം ഉണർന്ന്, ചിന്താജ്ഞാനം ഉണർന്ന്, അത് ഭാവിതപ്രജ്ഞയിൽ പരിവർത്തിതമായിത്തീരുന്നോ, വളരെ മംഗളമാകും, വളരെ നന്മയുണ്ടാകും. ധർമ്മത്തിന്റെ ഈ ശുദ്ധരൂപത്തെ മനസ്സിലാക്കി ക്കൊണ്ട്, അനുഭൂതികളിൽ കൊണ്ടു വന്ന് ഏതേത് വ്യക്തികൾ ധർമ്മത്തിന്റെ വഴിയിൽ മുന്നേറുന്നുവോ – അവർക്ക് മംഗളമേ ഉണ്ടാവുകയുള്ളു, നന്മയേ ഉണ്ടവുകയുള്ളു. സ്വസ്ഥിയെ ഉണ്ടാവുകയുള്ളു, മുക്തിയെ ഉണ്ടാവുകയുള്ളു.


**ധമ്മ കേതന വിപസ്സന മെഡിടേഷൻ സെന്റർ,**

മാമ്പ്ര പോസ്റ്റ്, കോഡുകുളഞ്ഞി, ചെങ്ങന്നൂർ,

കേരള – 689508. Phone: (0479)2351616.

email: info@ketana.dhamma.org.

Website: http://www.ketana.dhamma.org


**ശിബിരങ്ങളുടെ സൂചിക – 2011**

**പത്തു ദിവസ ശിബിരം:** 18.2–1.3(Female only),17–28.3, 17–28.4, 5–16.5, 2–13.6, 7–18.7, 18–29.8, 17 –28.9, 13–24.10, 5–16.11, 20.11–1.12(Female only), 20 –31.12.2012


**Contact:** കേരള വിപസ്സന സമിതി, മൈത്രി, നേരചത്തര ലേൻ, പെരന്തൂർ റോഡ്, ഏലമക്കര പോസ്റ്റ്, കൊച്ചി–682026. Phone: (0484)2539891: Mobile: 9846569891.


.....................